# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 17 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## പീച്ചി ഡാം 4 ഷട്ടറുകളും തുറന്നു: ജലനിരപ്പ് കുറയുന്നതനുസരിച്ച് അടക്കും

അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് വർദ്ധിച്ചതിനെ തുടർന്ന് പീച്ചി ഡാമിന്റെ 4 ഷട്ടറുകളും ശനിയാഴ്ച ഉയർത്തി. നേരത്തെ 2 ഷട്ടറുകൾ 5 സെന്റിമീറ്റർ ഉയർത്തിയിരുന്നു. ശനിയാഴ്ച രാവിലെ മുതൽ 4 ഷട്ടറുകളും 10 സെന്റിമീറ്റർ വീതം ഉയർത്തിയാണ് ജലം പുറത്തേക്ക് വിടുന്നത്. അണക്കെട്ട് തുറന്നതിനുശേഷമുള്ള സ്ഥിതി വിലയിരുത്താൻ ഗവ. ചീഫ് വീപ്പ് അഡ്വ. കെ രാജൻ, ജില്ലാ കളക്ടർ എസ് ഷാനവാസ് എന്നിവർ സ്ഥലം സന്ദർശിച്ചു. ഡാമിലെ ജലനിരപ്പ് കുറയുന്ന തിനുസരിച്ച് ക്രമേണ ഷട്ടറുകൾ താഴ്ത്തി പൂർണ്ണമായി അടയ്ക്കുന്നതിന് അവലോകന യോഗ ത്തിൽ ധാരണയായി. ശനിയാഴ്ച ഡാമിലെ ജലനിരപ്പ് 78.18 മീറ്ററും ജലത്തിന്റെ അളവ് 84.90 ശത മാനവുമാണ്. 4 ഷട്ടറുകളും ഉയർത്തിയെങ്കിലും ആശങ്ക വേണ്ടെന്ന് ജില്ലാ കളക്ടർ എസ് ഷാന വാസ് പറഞ്ഞു.

## കൃഷി നാശനഷ്ടം: ഫാം ഇൻഫർമേഷൻ ബ്യൂറോ സംഘം പരിശോധന നടത്തി

കാലവർഷക്കെടുതിയിൽ കൃഷി നാശം നേരിട്ട പ്രദേശങ്ങളിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ സംഘം പരിശോധന നടത്തി. കോൾ പാടശേഖരങ്ങൾ കൊടകര, മാള, പുഴയ്ക്കൽ തുടങ്ങിയ കാർഷിക മേഖലകളുമാണ് സംഘം സന്ദർശിച്ചത്. സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിൽ കനത്ത മഴയിലും കാറ്റിലും ഉണ്ടായ നാശനഷ്ടങ്ങൾ രേഖപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സംഘം പര്യടനം നടത്തിയത്. മീഡിയാ ലെയ്സൺ ഓഫീസർ ഡോ. റ്റി.വി. രാജേന്ദ്രലാലിന്റെ നേതൃത്വത്തിലാണ് സംഘം പരിശോധനയ്ക്കും ചിത്രീകരണത്തിനുമായി എത്തിയത്. കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരായ മിനി, ഗോപീദാസ്, അസിസ്റ്റന്റ് ഡയറക്ടർമാരായ നരേന്ദ്രൻ, ഷേർലി എന്നിവർ സംഘത്തെ അനുഗമിച്ചു. കൃഷിവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാറിന്റെ പ്രത്യേക നിർദ്ദേശപ്രകാരം സംസ്ഥാനത്തൊട്ടാകെയുള്ള കൃഷിനാശം വളരെ വേഗം തന്നെ വിലയിരുത്തുന്നതിനു വേണ്ടിയാണ് പ്രത്യേക സംഘം രൂപീകരിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോ വിവിധ ജില്ലകളിൽ പര്യടനം ആരംഭിച്ചിരിക്കുന്നത്.

## പത്ത് മാസത്തെ സമ്പാദ്യം; ദുരിതാശ്വാസ നിധിയിലേക്ക് 1.90 ലക്ഷം നൽകി കുഞ്ഞിക്ക

കഴിഞ്ഞ് പത്തുമാസമായി സ്വരൂപിച്ച മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകി ഗുരുവായൂർ കടപ്പുറം അഞ്ചങ്ങാടിയിലെ കുഞ്ഞിക്ക എന്ന സി കെ മൊയ്തീൻകുഞ്ഞ് മാതൃകയാ യി. അഞ്ചങ്ങാടിയിലെ 'ഫരീദ' ഹോട്ടലുടമയാണ് കുഞ്ഞിക്ക. 190000 രൂപയാണ് ഇപ്പോൾ ദുരിതാ ശ്വാസനിധിയിലേക്ക് നൽകിയത്. ഒരു മാസത്തെ വരുമാനം നേരത്തെ 32000 രൂപ നൽകിയിരുന്നു. ഇത്രയും വലിയൊരു തുക നൽകാൻ തക്കവണ്ണം സമ്പന്നൻ ഒന്നുമല്ല നാട്ടുകാർ കുഞ്ഞിക്ക എന്ന് വിളിക്കുന്ന സി കെ മൊയ്തീൻകുഞ്ഞ്. കഴിഞ്ഞ പത്തു മാസം കൊണ്ട് സ്വരൂപിച്ച തുകയാണിത്. ആ കഥയിങ്ങനെ:

2018 ലെ പ്രളയകാലം. വെള്ളമിറങ്ങി പുനർനിർമ്മാണപ്രവർത്തനത്തിലേക്ക് കടക്കുമ്പോ ഴാണ് സാലറി ചാലഞ്ച് ആഹ്വാനം ചെയ്തത്. നൽകാൻ സാലറിയില്ലാത്തതു കൊണ്ട് കുഞ്ഞിക്ക ഒരു തീരുമാനമെടുത്തു. അഞ്ചങ്ങാടിയിലെ തന്റെ 'ഫരീദ' ഹോട്ടലിൽ ഒരു കാണിക്ക ബോർഡും

സ്ഥാപിച്ചു. ദുരിതാശ്വാധനിധിയിലേക്ക് സംഭാവന നൽകുക എന്ന് എഴുതി വച്ചു. ഹോട്ടലിലെത്തു ന്നവർ ഈ കാണിക്കയിൽ നിക്ഷേപിച്ച നാണയത്തുട്ടുകൾ ചേർത്താണ് ഈ 190000 രൂപ അദ്ദേഹം സമാഹരിച്ചത്. ഇതോടൊപ്പം ഓരോ മാസത്തേയും ഒരു ദിവസത്തെ ഹോട്ടലിലെ വരുമാനവും കാണിക്കയിൽ ഇട്ടു. ഉദ്യമത്തിന് നാട്ടുക്കാരും കാണിക്കയുടെ ഒപ്പം നിന്നു. ഒരു വർഷത്തെ സമ്പാദ്യം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറുമ്പോൾ കുഞ്ഞിക്കക്ക് നിറഞ്ഞ സംതൃപ്തി.

## വൈകല്യം മറന്ന് പാവങ്ങളുടെ കണ്ണീരൊപ്പാൻ ശ്രീനന്ദയും

മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാൻ ഭിന്നശേഷിക്കാരിയും. പെരിഞ്ഞനം പഞ്ചായത്തിലെ പതിനാലാം വാർഡ് പടിഞ്ഞാറെക്കൂറ്റ് സജീവന്റെ മകൾ ശ്രീനന്ദയെന്ന 15 വയസ്സുകാരിയാണ് ഇക്കാലമത്രയും സൂക്ഷിച്ചു വെച്ച സമ്പാദ്യം മുഴുവൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകി കാരുണ്യ പ്രവർത്തനത്തിന്റ ഭാഗമായത്. ജന്മനാ കാലുകളുടെ ചലനശേഷി നഷ്ടപ്പെട്ട ശ്രീനന്ദക്ക് ഒമ്പതാം ക്ലാസിൽ പഠനം ഉപേക്ഷിക്കേണ്ടി വന്നു. തുടർന്ന് വീൽ ചെയറിലായി ശ്രീനന്ദയുടെ ലോകം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരുടെ വേദന മാധ്യമങ്ങളിലൂടെ അറിഞ്ഞ ശ്രീനന്ദ അഞ്ച് വർഷമായി കൈ നീട്ടമായും, മറ്റും കിട്ടിയ നാണയ തുട്ടുകൾ ഉൾപ്പെടെയുള്ള സമ്പാദ്യമായ 6100 രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകാൻ തീരുമാനിക്കുകയായിരുന്നു. ശ്രീനന്ദയുടെ വീട്ടിലെത്തി ഇ ടി ടൈസൺ എംഎൽഎ തുക ഏറ്റുവാങ്ങി. പഞ്ചായത്ത് പ്രസിഡന്റ് കെ കെ സച്ചിത്ത്, വില്ലേജ് ഓഫീസർ പ്രശാന്ത്, സെക്രട്ടറി നടരാജൻ തുടങ്ങിയവർ സംബന്ധിച്ചു.

## പറവട്ടാനിയിൽ സ്റ്റേഡിയം ഉടൻ നിർമ്മാണം തുടങ്ങും

പറവട്ടാനിയിലുള്ള സ്റ്റേഡിയം അത്യാധുനിക രീതിയിൽ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ മന്ത്രിതല യോഗത്തിൽ തീരുമാനിച്ചു. തൃശൂർ കോർപ്പറേഷനിലും തൃശൂർ മണ്ഡലത്തിലും നടപ്പിലാക്കി കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉള്ളതുമായ പദ്ധതികളുടെ കാലതാമസം ഒഴിവാക്കുതിനുള്ള അവലോകനയോഗം കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ രാമനിലയത്തിൽ ചേർന്നു. പൊതുമരാമത്ത്, വാട്ടർ അതോ റിറ്റി, കോർപ്പറേഷൻ എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.അമൃത് പദ്ധതിയിൽ പൈപ്പ് ഇടാനായി പൊളിച്ച ഹൈറോഡ്, മനോരമ ജംഗ്ഷൻ എന്നിവിടങ്ങളിലും ഇതിനോടൊപ്പം പൊളിച്ചിട്ടുള്ള മറ്റു റോഡുകളിലും അടിയന്തിരമായി നിർമ്മാണം പൂർത്തീയാക്കാൻ തീരുമാനമായി. പാട്ടുരായ്ക്കൽ, പെരിങ്ങാവ്, അശ്വിനി ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ സ്ഥിരമായിട്ടുള്ള ട്രാഫിക്ക് കുരുക്ക് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരി ക്കാൻ തീരുമാനിച്ചു. പദ്ധതികളുടെ കാലതാമസം ഒഴിവാക്കാൻ പൊതുമരാമത്ത്, വാട്ടർ അതോ റിറ്റി, കോർപ്പറേഷൻ എന്നിവർ സംയുക്തമായി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്ന് മന്ത്രി അറിയിച്ചു.

## യോഗം 21 ന്

സൻസദ് ആദർശ് ഗ്രാമയോജന പദ്ധതി പ്രകാരം സുരേഷ് ഗോപി എംപി തെരഞ്ഞെടുത്ത അവിണിശ്ശേരി ഗ്രാമപഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യോഗം ആഗസ്റ്റ് 21 ഉച്ചയ്ക്ക് 2.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

### കേരള ആരോഗ്യശാസ്ത്ര സർവകലാശാല
## ബിരുദദാനച്ചടങ്ങ് 30 ന്

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ പതിനൊന്നാമത് ബിരുദദാനച്ചടങ്ങ് ആഗസ്റ്റ് 30 രാവിലെ 11 ന് തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് അലുംമ്നി ഹാളിൽ നടക്കും. ഗവർണർ റിട്ട. ജസ്റ്റിസ് പി സദാശിവം ബിരുദദാനം നിർവഹിക്കും. ആരോഗ്യ മന്ത്രി കെ കെ ശൈലജ, വൈസ് ചാൻസലർ, രജിസ്ട്രാർ, അദ്ധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ തുടങ്ങിയ വർ പങ്കെടുക്കും.

## കുടിവെള്ള സ്രോതസ്സുകൾ മാലിന്യവിമുക്തമാക്കിക്കൊണ്ട് മുള്ളൂർക്കര

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ കിണറുകൾ ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസ്സുകളും വീട് പരിസരങ്ങളും മാലിന്യ വിമുക്തമാക്കുന്നതിന്റെ പ്രവർത്തനോദ്ഘാടനം മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എം എച്ച് അബ്ദുൾ സലാം ഗ്രാമപഞ്ചായത്തിന്റെ പൊതുകിണറിൽ ക്ലോറിനേഷൻ നടത്തികൊണ്ട് നിർവ്വഹിച്ചു. പഞ്ചായത്ത് പരിധിയിലെ എല്ലാ വാർഡുകളിലും ക്ലോറിനേഷൻ പ്രവർത്തനങ്ങൾ നടത്തി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയ കുടുംബശ്രീ പ്രവർത്തകരും മറ്റ് സന്നദ്ധ സംഘടനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 20 പ്രവർത്തകരാണ് ഓരോ വാർഡുകളിലും ക്ലോറിനേഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ കെ എ ജസീൽ, വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ പി ആർ രതീഷ്, വാർഡ് മെമ്പർ രമണി വിശ്വനാഥൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ എ അൻസാർ അഹമ്മദ്, അസിസ്റ്റന്റ് സെക്രട്ടറി ഇ വി സഫിയ, വില്ലേജ് എക്സറ്റൻഷൻ ഓഫീസർ ജസ്റ്റിൻ സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

## ക്യാമ്പ് ഓഫീസ് ആരംഭിച്ചു

തൃശൂർ ലോകസഭാംഗമായ ടി എൻ പ്രതാപന്റെ ക്യാമ്പ് ഓഫീസ് മുൻ സ്പീക്കർ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. അയ്യന്തോൾ ചുങ്കത്താണ് ഓഫീസ് പ്രവർത്തനം. ചീഫ് വിപ്പ് അഡ്വ. കെ രാജൻ, മേയർ അജിത വിജയൻ, ജോസഫ് ചാലിശ്ശേരി, ഫൈസൽ ഓണുംമ്പുള്ളി, പത്മജ വേണുഗോപാൽ, തോമസ് ഉണ്ണിയാടൻ, അനിൽ അക്കര എംഎൽഎ, എം പി വിൻസെന്റ് , ഡോ പി.വി കൃഷ്ണൻ നായർ, ബാലചന്ദ്രൻ വടക്കേടത്ത്, സി ആർ മുഹമ്മദ് റഷീദ്, നൗഷാദ് തുടങ്ങിയവർ സന്നിഹിതരായി.

## ഇരിങ്ങാലക്കുട റൂറൽ പോലീസ് സ്റ്റേഷനിൽ നിന്ന് കൈതാങ്ങ്

ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ നിന്ന് വനിത എസ് ഐ ഉഷയുടെയും മറ്റ് വനിതാ പോലീസുകാരുടെയും സഹായ സഹകരണത്തൊടെ പ്രളയ ദുരിതാശ്വാസനിധിയിലേക്ക് വസ്ത്ര ങ്ങൾ, നിത്യോപയോഗ സാധനങ്ങൾ, പലച്ചരക്ക് സാമഗ്രികൾ, നാപ്കിനുകൾ എന്നിവ ജില്ലാ കള ക്ടർ എസ് ഷാനവാസിന് തൃശൂർ പോലീസ് മേധാവി (റൂറൽ) കെ പി വിജയകുമാർ കൈമാറി. ഇരിങ്ങാലക്കുടിയിൽ നിന്നും സമാഹരിച്ച സാമഗ്രികൾ കളക്ടറേറ്റിലെത്തിച്ചാണ് കൈമാറിയത്. സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി എം കെ ഗോപാലകൃഷ്ണൻ പങ്കെടുത്തു.

## ഒരു ലക്ഷം രൂപയുടെ അടിവസ്ത്രങ്ങൾ ദുരിതാശ്വാസനിധിയി ലേക്ക് നൽകി വ്യാപാരി വ്യവസായി ഏകോപനസമിതി

ദുരിതാബാധിതർക്കായി ഒരു ലക്ഷം രൂപയുടെ അടിവസ്ത്രങ്ങൾ നൽകി വ്യാപാരി വ്യവ സായി ഏകോപനസമിതി തൃശൂർ ജില്ലാ കമ്മിറ്റി. വീൻഡർ ഫീൽ ഗാർമെന്റ് മാനുഫേച്ചറിങ്ങ് യൂണിറ്റിലെ വനിതകൾ നിർമ്മിച്ച 1000 ഏണ്ണം അടിവസ്ത്രങ്ങളാണ് കളക്ടറേറ്റിലേത്തിച്ച് ജില്ലാ കളക്ടർ എസ് ഷാനവാസിന് കൈമാറിയത്. വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ലാ പ്രസിഡണ്ട് കെ വി അബ്ദുൾ ഹമീദ്, ജനറൽ സെക്രട്ടറി പി ജെ പയസ്, ട്രഷറർ ജോർജ്ജ് കുറ്റി ച്ചാക്കു, സെക്രട്ടറി വി ടി ജോർജ്ജ് തുടങ്ങിയവർ സന്നിഹിതരായി.

## പ്രളയബാധിതർക്കായി ആക്ടസിന്റെ 'ഒരു കൈത്താങ്ങ്'

പ്രളയം ഏറെ നാശം വിതച്ച നിലമ്പൂരിനു കൈത്താങ്ങായി തൃശൂർ ജില്ലയിലെ ആക്ടസ് പ്രവർത്തകർ. പ്രളയബാധിതർക്കു കൈമാറാനായി 13 ലക്ഷം രൂപയുടെ നിത്യോപയോഗ സാധനങ്ങളാണ് ജില്ലയിൽ നിന്ന് സ്വരൂപിച്ചത്. ആക്ടസിന്റെ വിവിധ ബ്രാഞ്ചുകളിൽ കളക്ഷൻ

സെൻറർ ഒരുക്കിയും പ്രവർത്തകർ നേരിട്ട് ശേഖരിച്ചതുമായ വസ്തുക്കളാണ് പ്രളയ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നത്. നിലമ്പൂരിലെ ക്യാമ്പുകളിലേക്കും പ്രളയം ബാധിച്ച വീടുകളിലേക്കും പ്രദേശത്തെ ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ചു സാധനങ്ങൾ നേരിട്ട് വിതരണം ചെയ്യും. ഏകദേശം ആയിരത്തിലധികം കുടുംബങ്ങളിലേക്കുള്ള സാധനസാമഗ്രികളാണ് ഒരു കെഎസ്ആർടിസി, പിക്കപ്വാൻ, 5 ആംബുലൻസ് എന്നീ വണ്ടികളിലായി നിലമ്പൂരിലെത്തിക്കുന്നത്. ജില്ലയിലെ ആക്ടസ് ആസ്ഥാനത്തുനിന്നാരംഭിച്ച 'ഒരു കൈത്താങ്ങ് യാത്ര' ജില്ലാ കളക്ടറും ആക്ടസ് പ്രെസിഡന്റുമായ എസ് ഷാനവാസ് ഫ്ളാഗ്ഓഫ് ചെയ്തു. ആക്ടസ് ജനറൽ സെക്രട്ടറി ഫാദർ ഡേവിസ് ചിറമ്മേൽ, വൈസ് പ്രസിഡന്റ് അബു, സെക്രട്ടറിമാരായ ലൈജു സെബാസ്റ്റ്യൻ, സുനിൽ പാറമ്പിൽ, വിവിധ ബ്രാഞ്ചുകളിലെ പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിലാണ് 'ഒരു കൈത്താങ്ങ് ' യാത്ര തിരിച്ചത്.

## മഴക്കെടുതി ; വെള്ളാങ്ങല്ലൂർ ബ്ലോക്കിൽ അവലോകന യോഗം ചേർന്നു

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മഴക്കെടുതിയിൽ ദുരിതം അനുഭവിച്ച പ്രദേശങ്ങൾ ശുചിയാക്കുന്നത് സംബന്ധിച്ച് അവലോകനയോഗം ചേർന്നു. ബ്ലോക്ക് തലത്തിൽ ഗ്രാമ പഞ്ചായത്തുകളിലെ ശുചീകരണത്തിന്റെ ചുമതല വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകും. ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്കെ.എസ് രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പെർഫോമൻസ് ഓഡിറ്റ് വിഭാഗം സെക്ഷൻ ഓഫീസർ വി. മധുസൂദനൻ ശുചീകരണം സംബന്ധിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരണം നടത്തി. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്പി വത്സല ബാബു നന്ദി പറഞ്ഞു.

## പ്രളയത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾ അടിയന്തിരമായി തീർക്കും

തൃശൂർ കോർപ്പറേഷൻ പരിധിയിൽ കനത്ത മഴയിൽ പല സ്ഥലങ്ങളിലെയും റോഡ് തകർന്നതുമൂലം രണ്ടു ദിവസമായി നഗരപരിധിയിൽ ഉണ്ടായികൊണ്ടിരിക്കുന്ന ഗതാഗതകുരുക്ക് പരിഹരിക്കുന്നതിന് കോർപ്പറേഷൻ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത ചേർന്നു. തൃശൂർ പൂരവുമായി ബന്ധപ്പെട്ട് നഗരപരിധിയിലെ എല്ലാ റോഡുകളും അറ്റകുറ്റ പണികൾ നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതാണ്. എന്നാൽ 4 ദിവസമായി പെയ്ത കനത്ത മഴയെ തുടർന്ന് റോഡുകളിൽ വീണ്ടും കുഴികൾ വരുകയും ഇത് ഗതാഗത തടസ്സങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ഈ സാഹചര്യം കണക്കിലെടുത്ത് റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും റോഡുകൾ സഞ്ചാര യോഗ്യമാക്കാനും യോഗത്തിൽ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകി. യോഗത്തിൽ ഡെപ്യൂട്ടി മേയർ റാഫി ജോസ് പി, ഡിപിസി മെമ്പർ വർഗ്ഗീസ് കണ്ടംകുളത്തി, പ്രതിപക്ഷനേതാവ് എം മുകുന്ദൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ജോൺ ഡാനിയേൽ, ഷീബ ബാബു, സി ബി ഗീത, പി സുകുമാരൻ കൗൺസിലർമാരായ അനൂപ് ഡേവീസ് കാട, അനൂപ് കരിപ്പാൽ, ജ്യോതി ലക്ഷ്മി, ജോണി ഇ ഡി, ഷീന ചന്ദ്രൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ ഐഡ, അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവർ പങ്കെടുത്തു.

## സ്കൂളുകൾക്ക് ലാപ്ടോപ്പുകളും പ്രൊജക്ടറും അനുവദിച്ചു

ചേലക്കര നിയോജക മണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സർക്കാർ എയ്ഡഡ് മേഖലയിലെ 57 എൽ പി സ്കൂളുകളിൽ 377 ലാപ്ടോപ്പുകളും 143 പ്രൊജക്ടറുകളും 377 സ്പീക്കറുകളും അനുവദിച്ചതായി യു ആർ പ്രദീപ് എംഎൽഎ അറിയിച്ചു. കിഫ്ബിയുടെ സഹായത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ലാപ്ടോപ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത്. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്)

മുഖേനയാണ് സ്മാർട്ട് ക്ലാസ് ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 8 മുതൽ 12 ക്ലാസ്സ് വരെയുള്ള എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളായി മാറ്റുന്നതിന്റെ ഭാഗമായി 404 ലാപ്ടോപ്പുകൾ, 304 പ്രൊജക്ടർ, 24 പ്രിന്റർ, 26 ഡിജിറ്റൽ കാമറ, 26 വെബ്കാമറ, 25 ടി.വി എന്നിവ അനുവദിച്ചു നൽകിയിരുന്നു. ഇതോടെ മണ്ഡലത്തിലെ എല്ലാ എൽപി-യുപി-ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും സ്മാർട്ട് ക്ലാസ് മുറികൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞതായി യു ആർ പ്രദീപ് പറഞ്ഞു.

## പ്രളയം: കൊടുങ്ങല്ലൂരിൽ ക്ഷീരകർഷകർക്ക് ആനുകൂല്യങ്ങൾ

പ്രളയത്തിൽ ദുരിതമനുഭവിച്ച ക്ഷീരകർഷകർക്കായി കൊടുങ്ങല്ലൂർ നഗരസഭ മൃഗ സംരക്ഷണ വകുപ്പുമായി ചേർന്ന് ആനുകൂല്യങ്ങൾ വിതരണം ചെയ്തു. നഗരസഭ ചെയർമാൻ കെ.ആർ.ജൈത്രൻ വിതരണോദ്ഘാടനം നിർവ്വഹിച്ചു. പശുക്കൾക്കുള്ള കാലിത്തീറ്റ, മരുന്ന്, വിറ്റാമിനുകൾ, ധാതുലവണ മിശ്രിതം എന്നിവയാണ് കർഷകർക്ക് വിതരണം ചെയ്തത്. കഴിഞ്ഞ പ്രളയത്തിൽ ദുരിതമനുഭവിച്ച കൃഷിക്കാർക്ക് ആട് വളർത്തലിന് 60,000 രൂപ സഹായം നൽകുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കും. പുല്ലൂറ്റ് മൃഗാസ്പത്രിയിൽ നടന്ന ചടങ്ങിൽ വൈസ് ചെയർപേഴ്സൺ ഹണി പീതാംബരൻ അദ്ധ്യക്ഷത വഹിച്ചു. വെറ്ററിനറി ഡോക്ടർമാരായ ഡോ. ബീന, ഡോ.ലാല എന്നിവർ പ്രസംഗിച്ചു.

## ഓണം: ഖാദി മേള<br>സെപ്തംബർ 10 വരെ

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 16 മുതൽ സെപ്തംബർ 10 വരെ ഓണം ഖാദി മേള സംഘടിപ്പിക്കുന്നു. സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന തുണിത്തരങ്ങൾക്ക് 30 ശതമാനം ഗവൺമെന്റ് റിബേറ്റും സംസ്ഥാനത്തിന് പുറത്ത് ഉത്പാദിപ്പിക്കുന്ന തുണിത്തരങ്ങൾക്ക് 20 മുതൽ 30 ശതമാനം വരെ ഡിസ്കൗണ്ടും മേളയിൽ ലഭിക്കും. ജില്ലാ തലത്തിൽ മൂന്ന് പ്രതിവാര നറുക്കെടുപ്പുകൾ ഉണ്ടാകും. സംസ്ഥാന തലത്തിൽ നടത്തുന്ന ബംബർ നറുക്കെടുപ്പിൽ ഒന്നാം സമ്മാനമായി ഒരാൾക്ക് 10 പവനും രണ്ടാം സമ്മാനമായി ഒരാൾക്ക് 5 പവനും മൂന്നാം സമ്മാനമായി 1 പവൻ വീതം 12 പേർക്കും നൽകും. സർക്കാർ ഉദ്യോഗസ്ഥർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യം ലഭ്യമാണ്. തൃശൂർ പാലസ് റോഡ്, വടക്കുംനാഥൻ ഷോപ്പിങ് കോംപ്ലക്സ്, ഒളരിക്കര എന്നിവിടങ്ങളിലെ ഖാദി ഗ്രാമ സൗഭാഗ്യകളിലാണ് മേള നടക്കുന്നത്. ഫോൺ: 0487-2338699.

## കാലിത്തീറ്റ വിതരണം ചെയ്തു

അന്തിക്കാട് പഞ്ചായത്തിൽ ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രളയബാധിതരായ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തു. ബ്ലോക്കിന് കീഴിലുള്ള 10 സംഘങ്ങളിൽ 8 സംഘ ങ്ങൾക്കാണ് സൗജന്യ മായി കാലിത്തീറ്റ നൽകിയത് അരിമ്പൂർ, മണലൂർ, ചാഴൂർ, താന്ന്യം, അന്തിക്കാട് എന്നീ പഞ്ചായത്തുകളിൽ നിന്നായി ക്യാമ്പിൽ പേരു രജിസ്റ്റർ ചെയ്ത ക്ഷീരകർഷകരും വെള്ളപൊക്കം നേരിട്ടവരുമായ 173 പേർക്ക് 25 കിലോയുള്ള അര ചാക്ക് വീതം കാലിത്തീറ്റയാണ് നൽകിയത്. അന്തിക്കാട് പഞ്ചായത്തിൽ 50 ക്ഷീരകർഷകർക്കുള്ള കാലിത്തീറ്റ വിതരണം ഗീത ഗോപി എംഎൽഎ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് എം വി ശ്രീവത്സൻ അധ്യക്ഷനായി. വൈസ് പ്രസിഡന്റ് പ്രദീപ് കുമാർ, ക്ഷീരവികസന വകുപ്പ് ഓഫീസർ ടി നന്ദിനി, ഡയറി ഫാം ഇൻസ്പെക്ടർ സ്മൃതി വാസുദേവൻ, ക്ഷീര കർഷക സംഘം പ്രസിഡന്റ് കെ വി രാജേഷ്, പഞ്ചായത്ത് സെക്രട്ടറി സുരേഷ് കുമാർ എന്നിവർ സംസാരിച്ചു.

## സ്കൂൾ മേധാവികൾക്ക്<br>പരിശീലനം സംഘടിപ്പിച്ചു

ജില്ലാ നിയമ സേവന അതോറിറ്റിയുടേയും തൃശൂർ ചൈൽഡ് ലൈന്റെയും സംയുക്താഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ സിബിഎസ്ഇ സ്കൂളിലെ പ്രധാന അധ്യാപകർക്ക് ഏകദിന പരിശീലനം സംഘടിപ്പിച്ചു. ജില്ലാ ജഡ്ജ് സോഫി തോമസ് പരിശീലനം ഉദ്ഘാടനം ചെയ്തു. ജില്ലാ കള

ക്ടർ എസ് ഷാനവാസ് അദ്ധ്യക്ഷത വഹിച്ചു. അഡ്വ. പയസ് മാത്യു 'പോക്സോ നിയമം' എന്ന വിഷയത്തിലും വി എസ് അശ്വിനി 'ബാലസംരക്ഷണവും സംവിധാനങ്ങളും' എന്ന വിഷയത്തിലും സുജിത് 'സൈബർ നിയമം' എന്ന വിഷയത്തിലും ക്ലാസ്സ് നയിച്ചു. സബ് ജഡ്ജ് കെ പി ജോയ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ ഡോ. വിശ്വനാഥൻ, സഹോദയ പ്രസിഡണ്ട് ഫാ. ഷാജു ഇടമന, സെക്രട്ടറി ഡോ. എം ദിനേഷ് ബാബു, ജില്ലാ കോർഡിനേറ്റർ ജിനോ ദേവസ്സി എന്നിവർ സംസാരിച്ചു.